LIBRARY ARCHIVES Kerala Legislative Assembly

(8) ഭൂമി കൈമാറ്റം

ശ്രീമതി ഗീതാ ഗോപി: സർ, ചേർപ്പ് ഐ.ടി.ഐ.-യ്ക്ക് അനുവദിച്ച ഭൂമി കൈമാറ്റം സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന്റെ കീഴിലുള്ള ചേർപ്പ് ഐ.ടി.ഐ. ഇപ്പോൾ താല്കാലികാടിസ്ഥാനത്തിൽ നാട്ടിക നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകര ഗവൺമെന്റ് ഹൈസ്കൂളിലാണ് പ്രവർത്തിച്ചുവരുന്നത്. ടി സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിൽ കുമ്പിലാവ് വില്ലേജിൽ 63 സെന്റ് ഭൂമി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം പണിയുന്നതിനായി വിട്ടുകൊടുക്കാൻ ഗ്രാമവികസന വകുപ്പിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഔദ്യോഗികമായി സ്ഥലം വിട്ടുനൽകേണ്ടതുണ്ട്. ഏറ്റവും വേഗത്തിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഗ്രാമ വികസന വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി യുക്തമായ നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തുവക, തൃശ്ശൂർ താലൂക്ക് കുമ്പിലാവ് വില്ലേജിൽ സർവ്വേ നമ്പർ 606/1, 606/2 എന്നിവയിൽ ഉൾപ്പെട്ട 0.2549 ഹെക്ടർ (63 സെന്റ്) ഭൂമി ചേർപ്പ് സർക്കാർ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുകൊടുത്തുകൊണ്ട് 28-1-2015-ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് ഇറക്കുകയുണ്ടായി. വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത വകുപ്പ് ഭൂമി കൈമാറ്റ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അർത്ഥനയും അനുബന്ധരേഖകളും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി കൈമാറുന്നത് സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ അറിവിലേക്ക് പറയുകയാണ്, ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിന് ഭൂമി കൊടുക്കാൻ തീരുമാനിക്കുന്നുവെങ്കിലും റവന്യൂ വകുപ്പ് കണ്ടുവേണം ഉത്തരവ് ഇറക്കേണ്ടത്. അത്തരത്തിലുള്ള സാങ്കേതികമായ തടസ്സമാണ് ഉണ്ടായിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കാര്യം വേഗത്തിൽ

പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആവശ്യക്കാർ റവന്യൂ വകപ്പിന് അപേക്ഷ നൽകേണ്ടതായിട്ടുണ്ട്. അതനുസരിച്ച് ഫയൽ പ്രോസസ്സ് ചെയ്യുന്നതാണ്. ഐ.ടി.ഐ. സ്ഥാപിക്കാൻ ഭൂമി കൊടുക്കുന്നത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. എത്രയുംവേഗം നടപടി സ്വീകരിക്കാനാവശ്യമായ പ്രവർത്തനം നടത്തുന്നതാണ്.

(9) കിംസ് ആശുപത്രി പ്രദേശത്ത് പാർക്കിംഗ് മാൾ

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ വെൺപാലവട്ടത്തുള്ള കിംസ് ആശുപത്രിയിലേക്ക് വരുന്ന ആയിരക്കണക്കിന് വാഹനങ്ങൾ ആശുപത്രി പരിസരത്ത് റോഡിന്റെ രണ്ടുവശത്തുമായി പാർക്ക് ചെയ്തിരിക്കുകയാണ്. ആശുപത്രിയിൽ ആവശ്യത്തിന് പാർക്കിംഗ് ഏര്യയുണ്ട്. എന്നാൽ അതിനെക്കാൾ കൂടുതൽ വാഹനങ്ങളാണ് അവിടെ വരുന്നത്. രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും രോഗികളെ സന്ദർശിക്കാൻ വരുന്നവരുടെയും വാഹനങ്ങൾ ഉൾപ്പെടെ വലിയ വാഹനപ്പെരുപ്പമാണ് അവിടെ ഉണ്ടാകുന്നത്. അത്യാവശ്യമായി ആശുപത്രിയിൽ ഒരു പാർക്കിംഗ് മാൾ നിർമ്മിച്ചാൽ മാത്രമേ ഈ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയുകയുള്ളൂ. ഗതാഗതക്കുരുക്ക് പരിഹരിക്കേണ്ടത് മെഡിക്കൽ കോളേജിന്റെയും ആവശ്യമാണ്. ബൈപ്പാസിലൂടെ കൊണ്ടുവരുന്ന അത്യാഹിത രോഗികളെ എളുപ്പത്തിൽ മെഡിക്കൽ കോളേജിൽ എത്തിക്കാനുള്ള ഫോർലൈൻ റോഡ്, ദേശീയപാതയിൽ വെൽപാലവട്ടത്തുനിന്നും കമാരപുരം വഴി മെഡിക്കൽ കോളേജിലേക്കുള്ളതാണ്. അത്യാഹിത രോഗികളെ മെഡിക്കൽ കോളേജിലേക്കും കിംസ് ആശുപത്രിയിലേക്കും എത്തിക്കുന്നത് ഈ റോഡിലൂടെയാണ്. എന്നാൽ പാർക്കിംഗിന് മറ്റ് സ്ഥലമില്ലാത്തതിനാൽ അവിടെ ചിലപ്പോഴൊക്കെ നാലുവരിയായി വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കും. കിംസ് ആശുപത്രി അതികൃതരെക്കൊണ്ട് പാർക്കിംഗ് മാൾ നിർമ്മിപ്പിക്കണം. അതിന് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് കാര്യമായ പരിശ്രമം നടത്തിയാൽ മാത്രമേ കഴിയുകയുള്ളൂ. ട്രാഫിക് സംവിധാനത്തെക്കൊണ്ട് നിയന്ത്രിക്കാൻ കഴിയുന്നതിനുമപ്പുറമാണ് അവിടത്തെ വാഹനപ്പെരുപ്പം. മെഡിക്കൽ കോളേജിൽ ഉള്ളതിനേക്കാൾ

LIBRARY ARCHIVES Kerala Legislative Assembly